# വിശ്വാസത്തിന്റെ സൂക്ഷിപ്പുകാർ

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ



പുരോഹിതർ വിശ്വാസത്തിന്റെ സൂക്ഷിപ്പുകാരാണ്. വിശ്വാസ സൂക്ഷിപ്പിനുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് വൈദികർക്ക് എപ്പോഴും അവബോധം ഉാകണം. പുരോഹിതർ നടത്തുന്ന കർമ്മാനുഷ്ഠാനങ്ങളിൽ ദൈവികമായ ചൈതന്യവും അനുഭവവും ഉാകണം. മറ്റുള്ളവർക്ക് ആത്മീയ ചൈതന്യം പകർന്നു കൊടുക്കുവാനുള്ള നൽവരം സിദ്ധിച്ചവരാണ് പുരോഹിതർ. അതിനാൽ പുരോഹിതന്മാർ വിശ്വാസത്തിന്റെ സൂക്ഷിപ്പുകാർ എന്ന വികാരം ഒരിക്കലും വിസ്മരിച്ചു പോകരുത്.

നമ്മുടെ വിശ്വാസത്തിന്റെ പഠിപ്പിക്കൽ അനുസരിച്ച് ആരാധന, വിശ്വാസം, പാരമ്പര്യം എന്നിവയിലൂടെയാണ് യേശുക്രിസ്തുവിനെ അനുഭവിച്ചറിയുന്നത്. സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസമാണ് നമ്മുടേത്. അത് ഋജുവായതും സത്യവുമായ വിശ്വാസമാണ്. സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം കാത്തു സൂക്ഷിക്കുന്നവരാകണം പുരോഹിതർ. ഇത് പരിപാലിക്കപ്പെടുന്നില്ലെങ്കിൽ പൗരോഹിത്യത്തിന്റെ വില ഇടിയും. എഡി 325 ലെ നിഖ്യാ സുന്നഹദോസിൽ വിശ്വാസം കാത്തു സൂക്ഷിക്കുന്നതിനായി വി. അത്താനാസിയോസ് പോരാടിയ ചരിത്രമാണുള്ളത്. 1653-ലെ കൂനൻ കുരിശു സത്യത്തിന്റെ ലക്ഷ്യം സത്യവിശ്വാസത്തിന്റെ സംരക്ഷണമായിരുന്നു.

കൂനൻ കുരിശു സത്യം വിദേശ മേധാവിത്വത്തിനെതിരെയുള്ള സമരം മാത്രമായി വ്യാഖ്യാനിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. കാരണം, അങ്ങനെയെങ്കിൽ പിന്നീടും വിദേശ മേധാവിത്വത്തിനുള്ള സാഹചര്യമുായതെങ്ങനെയാണ്? അതു കൊുതന്നെ പിതാക്കന്മാർ തങ്ങളുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനുവേിയാണ് ധീരമായ നിലപാടുകൾ എടുത്തത്.

റോമാവിശ്വാസത്തിനെതിരെയുള്ള എതിർപ്പായിരുന്നു കൂനൻ കുരിശ് സത്യത്തിനു പിന്നിൽ ആത്യന്തികമായുള്ളത്. മട്ടാഞ്ചേരിയിൽ വച്ച് കുരിശിൽ കയറുചുറ്റി നമ്മുടെ പൂർവ്വികർ പ്രഖ്യാപിച്ചത് 'പത്രോസിന്റെ മാർഗ്ഗം' വേ വോ എന്നും 'തോമ്മായുടെ മാർഗ്ഗം' മതി എന്നുമായിരുന്നു. അത് റോമാ വിശ്വാസത്തിന് എതിരെയുള്ള ശക്തമായ പ്രഖ്യാപനമായിരുന്നു. പുരാതന വിശ്വാസമായ 'തോമ്മായുടെ മാർഗ്ഗം മതി' എന്നു പറയുവാൻ നമ്മുടെ പൂർവ്വികർ ചങ്കൂറ്റം കാണിച്ച ധീരമായ നടപടിയാണ് 'കൂനൻ കുരിശു സത്യം'. ആംഗ്ലിക്കൻ മിഷണറിമാർ സത്യവിശ്വാസത്തിനെതിരായ പഠിപ്പിക്കലുകൾ തങ്ങളുടെ വൈദിക പരിശീലനത്തിൽ ഉൾപ്പെടുത്തിയപ്പോൾ തന്നെ നമ്മുടെ പിതാക്കന്മാർ ശക്തിയുക്തം എതിർത്തു. സത്യവിശ്വാസത്തിനെതിരായുള്ള പ്രബോധനങ്ങൾ നടത്തുന്ന ആഗ്ലിക്കൻ മിഷനറിമാർക്ക് എതിരെ പോരാടി വിശ്വാസത്തിന്റെ കാവൽക്കാരാകുവാൻ നമ്മുടെ പൂർവ്വികർക്ക് കഴിഞ്ഞു. അതിനാൽ പുരോഹിതൻ വിശ്വാസത്തിന്റെ സൂക്ഷിപ്പുകാർ ആകുന്നു എന്നത് സഭയുടെ ചരിത്രവും പാരമ്പര്യവും വിളിച്ചറിയിക്കുന്നു. മലങ്കര സഭയുടെ വിശ്വാസവും പാരമ്പര്യവും സൂക്ഷിക്കുവാൻ നാം പരാജയപ്പെട്ടാൽ അമ്പതു വർഷം കഴിയുമ്പോൾ സഭയുടെ അസ്ഥിത്വം എന്തായിരിക്കും?

വിശ്വാസത്തിൽ അധിഷ്ഠിതമാണ് മലങ്കര സഭയുടെ വേദശാസ്ത്രവും പാരമ്പര്യവും എന്ന് ഏവരും ഓർത്തിരിക്കണം. 'മെത്രാപ്പോലീത്താ എവിടെ ഉാ അവിടെ സഭയു്' എന്നാണ് നമ്മൾ പഠിച്ചിട്ടുള്ളത്. പൗരോഹിത്യത്തിന്റെ വിലയിടിയാതിരിക്കണമെങ്കിൽ വിശ്വാസത്തിന്റെ സൂക്ഷിപ്പുകാരും കാവൽക്കാരുമാകണം. എങ്കിൽ മാത്രമേ വിശ്വാസത്തിൽ നിന്നും വ്യതിചലിക്കുന്ന സാധാരണക്കാരെ സത്യവിശ്വാസത്തിൽ നയിക്കുവാൻ സാധിക്കുകയുള്ളു.

മലങ്കര സഭയിൽ ആരാധനയിലും വിശ്വാസത്തിലും അധിഷ്ഠിതമായ ശുശ്രൂഷകളാണ് ശക്തിപ്പെടേത്. വചന ശുശ്രൂഷയുടെ പേരിൽ നടത്തിവരുന്ന പല നൂതന പ്രവണതകളും ആരാധനാധിഷ്ഠിതമല്ലാതായിരിക്കുന്നു. വചനശുശ്രഷകളിൽ വിശ്വാസാധിഷ്ഠിത പ്രബോധനങ്ങൾ വിസ്മരിക്കപ്പെടുന്നു എന്നത് സങ്കടകരമാണ്. അക്കാദമിക് അന്വേഷണത്തേക്കാൾ വിശ്വാസത്തിന്റെ സൂക്ഷിപ്പുകാരാകുവാൻ കഴിയണം. സാധാരണക്കാരനെ വിശ്വാസം പഠിപ്പിക്കുവാനും ആരാധനാനുഷ്ഠാനങ്ങളിൽ പ്രബോധിപ്പിക്കുവാനും കഴിയണം.

കൗദാശികമായ ജീവിതാനുഭവങ്ങളിലൂടെയുള്ള പരസ്യപ്പെടുത്താത്ത രഹസ്യമായ സഹായ ശൈലിയാകണം 'സേവനം' എന്ന് പഴയ പിതാക്കന്മാർ നമ്മെ പ്രബോധിപ്പിച്ചിരുന്നു. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഇതിനെ കൗദാശികമായ മാനവികത (Sacramental humanism) എന്നാണ് വിശേഷിപ്പിച്ചത്. ആരാധനാധിഷ്ഠിതമായ സമീപനം നമ്മുടെ സേവനശുശ്രൂഷകൾക്ക് നഷ്ടപ്പെടുവാൻ ഇടയാകരുത്.

'മലങ്കരസഭ ധനകാര്യ വ്യാപാര സ്ഥാപനം' എന്ന നിലയിലേക്ക് മാറുന്നുവോ എന്നു സംശയിക്കുന്നു. എങ്ങനെയെങ്കിലും പണം സ്വരൂപിച്ച് നാലാൾ കാൺകെ വിതരണം ചെയ്യുന്നതാണ് 'സേവന ശുശ്രൂഷ' എന്ന അവസ്ഥ മാറിയിരിക്കുന്നു.

'പൗരോഹിത്യം വഴി തെറ്റിയാൽ ക്രിസ്തു കൊല്ലപ്പെടും' എന്ന് ഞാൻ പ്രസംഗിക്കാറു്. മഹാപുരോഹിതരായ കൈയ്യാഫാവും ഹന്നാവും ഗൂഢാലോചന നടത്തിയിരുന്നില്ലെങ്കിൽ യേശു ക്രിസ്തു അപ്പോൾ ക്രൂശിക്കപ്പെടുകയില്ലായിരുന്നു. പുരോഹിത വൃന്ദവും യൂദായും ചേർന്ന് സാമ്പത്തിക ക്രമക്കേടുകൾ നടത്തിക്കഴിഞ്ഞപ്പോൾ ക്രിസ്തു ക്രൂശിക്കപ്പെടുകയാണ്. ക്രിസ്തുവിനോട് ചേർന്നു നടന്ന ശിഷ്യന്മാരും, സൗഖ്യം നേടിയവരും, വിവിധ സഹായങ്ങൾ ലഭിച്ചവരും ആരും ക്രിസ്തുവിനുവേി ശബ്ദിക്കുവാൻ ഉായിരുന്നില്ല. എല്ലാവരും ഓടിമറഞ്ഞു. 'പൗരോഹിത്യം വഴിതെറ്റിയാൽ യേശു ക്രിസ്തു കൊല്ലപ്പെടും' എന്നത് ആക്ഷരികാർത്ഥത്തിൽ സത്യമാണ്. ഹന്നാവും കൈയ്യാഫാവും വഴി തെറ്റിയതു കൊണ്ട് യേശു ക്രിസ്തു അപ്പോൾ കൊല്ലപ്പെട്ടത്! വിശ്വാസത്തിന്റെ സൂക്ഷിപ്പുകാരായ പൗരോഹിത്യ സ്ഥാനികൾ സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകുവാൻ ഇടവരരുത്.

ജീവകാരുണ്യ പ്രവൃത്തികൾ സംശുദ്ധമല്ലായെങ്കിൽ അത് ബിസിനസ് ആകും (Charity without purity is buisiness). സേവനം കൗദാശികമായ മാനവികതയല്ലാതായിതീരുമ്പോൾ ദൈവികമല്ലാതാകും. നമ്മുടെ സേവന പ്രവർത്തനങ്ങൾ ദൈവ സ്നേഹത്തിന്റെ ആവിഷ്ക്കാരമായിരിക്കണം. പ്രാർത്ഥനയും ആരാധനയും ഉപവാസവുമാണ് സേവനത്തെ പ്രതീപ്തമാക്കേത്.

ആരാധനയിലൂടെയും വിശ്വാസ സംഹിതകളിലൂടെയും പരിചയപ്പെട്ട യേശു ക്രിസ്തുവിനെ ലോകത്തിന് കാണിച്ചുകൊടുക്കുവാൻ കഴിയണം. വിശ്വാസത്തെ വെള്ളം ചേർത്ത് അവതരിപ്പിക്കരുത്. വിശ്വാസത്തിന് തീ പിടിച്ചിരിക്കുന്ന സാഹചര്യമാണ് വളരുന്നത്. വിശ്വാസത്തിന് തീ പിടിച്ചാൽ സഭയുടെ ശവസംസ്ക്കാരമാണ് നടക്കുവാൻ പോകുന്നത്. പിന്നെ സഭ കാണുകയില്ല. ആരാധനയിലും നോമ്പിലും വിശുദ്ധ ജീവിതത്തിലും പുതുതലമുറ വളർന്നു വരണം. സഭയുടെ വിശ്വാസത്തിന് ഒരു പോറൽ പോലും ഏൽക്കാതിരിക്കുവാൻ ഏവരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് സ്നേഹപൂർവ്വം നാം ഏവരേയും പ്രബോധിപ്പിക്കുന്നു.

*(ഓർത്തഡോക്സ് സെമിനാരിയിൽ നടത്തിയ പ്രഭാഷണ സംഗ്രഹം, 24-09-2015)*